**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം 3 കോടി രൂപ അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളായ തിരുവങ്ങാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെയും ഗവൺമെന്റ് ബ്രണ്ണൻ ഹയർസെക്കന്ററി സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം 3 കോടി രൂപ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളായ തിരുവങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെയും ഗവൺമെന്റ് ബ്രണ്ണൻ ഹയർസെക്കന്ററി സ്കൂളിന്റെയും നിർമ്മാണം 2018-19 ൽ ഭരണാനുമതി നൽകുകയും നിർമ്മാണച്ചുമതല SPV ആയ INKELനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് ഇൻകലിന്റെ ഭാഗത്തു നിന്ന് കാലതാമസം ഉണ്ടായ സാഹചര്യ ത്തിൽ SPV യായി കിലയെ ചുമതല പ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കില DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | തിരുവങ്ങാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചു. Feasibility Study നടത്തുന്നതിന് കിലയെ ചുമതലപ്പെടുത്തി യതനുസരിച്ച് നിർമ്മാണത്തിന് feasible ആണെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഗവൺമെന്റ് ബ്രണ്ണൻ ഹയർസെക്കന്ററി സ്കൂളിന്റെ DPR ഭേദഗതി ചെയ്യുന്നതിന് കിലയോട് നിർദ്ദേശിച്ചിട്ടുണ്ട്. 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കിലയെ ചുമതലപ്പെടുത്തിയ സ്കൂളുകൾക്ക് 2016ലെ DSR നിരക്കും GST ഉം ആയിരുന്നു ബാധകമായിരുന്നത്. എന്നാൽ പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 ലെ DSR നിരക്കുകളും 18% GST ഉം ബാധകമാക്കി മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. SPV യെ മാറ്റേണ്ട സാഹചര്യം, DPRൽ |

| | | | |
|---|---|---|---|
| | | | വന്ന ഭേദഗതികൾ, പുതുക്കിയ നിരക്ക് ബാധകമാക്കേണ്ട സാഹചര്യം എന്നിവ കാരണമാണ് നിർമ്മാണം ആരംഭിക്കുന്നതിന് താമസം നേരിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ